പുതിയ റേഷൻ കാർഡുകൾ

111(1599)ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പുതിയ റേഷൻ കാർഡുകൾ ഇപ്പോൾ അനുവദിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആരുടെയെല്ലാം സാക്ഷ്യപത്രങ്ങളാണ് റേഷൻകാർഡിനു വേണ്ടി അംഗീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ റേഷൻകാർഡ് ലഭിക്കുന്നതിന് അപേക്ഷിക്കുന്നതോടൊപ്പം നിലവിലുള്ള റേഷൻകാർഡ് റദ്ദ് ചെയ്ത സർട്ടിഫിക്കറ്റ്, യൂണിറ്റ് കുറവു ചെയ്ത സർട്ടിഫിക്കറ്റ്, കാർഡിൽ ഉൾപ്പെട്ടിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും, പഞ്ചായത്തിൽനിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഗൃഹനാഥന്റെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, രണ്ടു വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവയുമായി താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും.

(ബി) അർഹതയുള്ളവർക്ക് റേഷൻ കാർഡുകൾ നൽകുന്നതിലേക്കുള്ള എല്ലാ സംവിധാനവും നിലവിലുണ്ട്.

(സി) കേരളത്തിൽ നിലവിലുള്ള ഒരു കാർഡിലും പേരില്ലാത്ത ഒരാളിന് പുതിയ കാർഡ് ലഭിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത്-ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻ, എം.പി., എം.എൽ.എ. എന്നീ ജനപ്രതിനിധികളുടെ സാക്ഷ്യപത്രങ്ങളാണ് റേഷൻ കാർഡിനുവേണ്ടി സമർപ്പിക്കേണ്ടതാണ്.

റേഷൻ സബ്സിഡി

112(1600)ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് റേഷൻ അരിയ്ക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എന്തു തുക 1999 വർഷത്തിൽ നൽകി;

(ബി) സബ്സിഡി തീർക്കാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ 1999 വർഷത്തിൽ റേഷൻ അരിയ്ക്ക് 101.95 കോടി രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly